"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ടൗൺ പ്ലാനർ ശ്രീമതി. ആതിര രവി - ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(EWB) വകുപ്പ്

സ.ഉ.(സാധാ) നം.2963/2022/LSGD തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:-
1. 05.10.2021 തീയതിയിലെ സ.ഉ(സാധാ) നം.1910/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 10.09.2022 തീയതിയിലെ TCPCTP/1547/2022 - A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)യുടെ 15.07.2022 ലെ GE11/A/TPA - 36/98779/265 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 18.10.2021 പൂർവാഹ്നം മുതൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ആതിര രവി, ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം പൂർത്തിയായിട്ടുള്ളതായും ടിയാരിയുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിരീക്ഷണ കാലയളവിലെ ടിയാരിയുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാരിയുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും മുഖ്യ നഗരാസൂത്രകൻ(പ്ലാനിംഗ്) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. ശ്രീമതി.ആതിര രവി നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ അവധികളൊന്നും ഉപയോഗിച്ചിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.എന്നാൽ ടിയാൾ 28/03/2022 ,29/03/2022 തീയ്യതികളിലെ പൊതുപണിമുടക്കിൽ പങ്കെടുത്തതായി കാണുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 18.10.2021 പൂർവാഹ്നം ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി. ആതിര രവിയുടെ 2 ദിവസത്തെ അവധി കാലയളവ് കൂടി പരിഗണിച്ച് ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്.ആർ റൂൾ 20 (ബി) പ്രകാരം 20.04.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ്

ചീഫ് ടൗൺ പ്ലാനർ ,തിരുവനന്തപുരം

ശ്രീമതി .ആതിര രവി ,ടൗൺ പ്ലാനർ (ചീഫ് ടൗൺ പ്ലാനർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ & ഇ ) ,തിരുവനന്തപുരം

ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി (EWB3/46/2022-LSGD

ഉത്തരവിൻ പ്രകാരം

Signed by Subha S

Date: 01-12-2022 13:03:09

സെക്ഷൻ ഓഫീസർ